# Visit of Foreign Secretary to Europe

October 28, 2020

## വിദേശകാര്യ സെക്രട്ടറിയുടെ യൂറോപ്പ് സന്ദർശനം

ഒക്ടോബർ 28, 2020

2020 ഒക്ടോബർ 29 മുതൽ നവംബർ 04 വരെ വിദേശകാര്യ സെക്രട്ടറി ശ്രീ ഹർഷ് വർധന ശൃംഗള, ഫ്രാൻസ്, ജർമനി, യുണൈറ്റഡ് കിങ്ടം എന്നിവയിലേക്ക് സന്ദർശനം നടത്തുന്നതായിരിക്കും. ഫ്രാൻസ്, ജർമനി കൂടാതെ യു കെ എന്നീ രാജ്യങ്ങളിൽ ഇന്ത്യയുടെ നയതന്ത്ര പങ്കാളികളും ഇന്ത്യയുമായി വ്യവസ്ഥാപിതമായ ബന്ധം പുലർത്തുന്നവരുമാണ്. വിവിധ മേഖകളിലുമുള്ള ഉഭയകക്ഷി ബന്ധങ്ങൾ വളരെ പെട്ടന്ന് തന്നെ വളർന്നു കൊണ്ടിരിക്കുകയും ചെയ്യുന്നു.

സന്ദർശനത്തിനിടയിൽ , വിദേശകാര്യ സെക്രട്ടറി ഉഭയകക്ഷി ബന്ധങ്ങൾ അവലോകനം ചെയ്യുകയും , ഇരു വിഭാഗങ്ങൾക്കും താല്പര്യമുള്ള വിഷയങ്ങൾ ചർച്ച ചെയ്യുകയും തുല്യ ചുമതല വഹിക്കുന്നവരുമായും ചർച്ചയിൽ പങ്കെടുക്കുന്ന മറ്റു പ്രധാനപ്പെട്ടവരുമായും ഇന്ത്യൻ ആശയങ്ങൾ പങ്കു വയ്ക്കുകയും ചെയ്യുന്നതായിരിക്കും.കൂടാതെ ഈ രാജ്യങ്ങളിലെ വ്യവസായ പ്രമുഖർ , ചിന്തകൾ, വൈജ്ഞാനികർ കൂടാതെ മാധ്യമ പ്രവർത്തകർ എന്നിവരുമായും അദ്ദേഹം സംവദിക്കുന്നതായിരിക്കും. തുടർന്നുകൊണ്ടിരിക്കുന്ന പകർച്ചവ്യാധി ,അതിന്റെ പ്രത്യാഘാതങ്ങൾ എന്നിവ നേരിടുന്നതിലെ അന്താരഷ്ട്ര സഹകരാത്തെ കുറിച്ചതും വിദേശകാര്യ സെക്രട്ടറി ചേർച്ച ചെയ്യുന്നതായിരിക്കും.

ഫ്രാൻസ്, ജർമനി, യു കെ എന്നിവയുമായുള്ള ഇന്ത്യയുടെ ബന്ധം ജനാധിപത്യ മൂല്യങ്ങളുടെ അടിത്തറയിൽ പണിതുയർത്തുന്നവയാണ് കൂടാതെ സുസ്ഥിരമായ വികസനം കാലാവസ്ഥ വ്യതിയാനം എന്നിങ്ങളെയുള്ള വിഷയങ്ങളിൽ ഇരു വിഭാഗങ്ങളും ഒരു പോലെ തന്നെ താല്പര്യം പുലർത്തുകയും ചെയ്യുന്നു. ഇന്ത്യയ്ക്ക് ഈ രാജ്യങ്ങളുടെയോ വളരെ ദൃഢമായ വാണിജ്യ വ്യവസായ ബന്ധങ്ങളും ഉയർന്ന അളവിലുള്ള നിക്ഷേപങ്ങളും ഉണ്ട്. കൂടാതെ വിവിധ അന്തരാഷ്ട്രഫോറമുകളിൽ വിവിധ വിഷയങ്ങൾ സംബന്ധിച്ച് ഈ രാജ്യങ്ങളുമായി സഹകരിച്ചു പ്രവർത്തിക്കുകയും ചെയ്യുന്നു.

ദൃഢവും നവീനവുമായ ബഹുരാഷ്ട്ര വാദത്തിനുള്ള ഇന്ത്യയുടെ മുൻഗണന, ഐക്യ രാഷ്ട്ര സഭയുടെ സുരക്ഷാ കൗൺസിലിൽ ഉള്ള വരാനിരിക്കുന്ന അസ്ഥിര അംഗത്വം ,കൂടാതെ സുതാര്യവും സമഗ്രവുമായ ഒരു ഇൻഡോ -

പസഫിക്കാനായുള്ള പ്രതിബദ്ധത എന്നിവയും ചർച്ച ചെയ്യപ്പെടുന്നതായിരിക്കും.

പകർച്ചവ്യാധികൾ മൂലമുള്ള പരിമിതികൾ ഉണ്ടെങ്കിൽ കൂടിയും, ഈ രാജ്യങ്ങളിലെ ഇന്ത്യയുടെ അന്താരാഷ്ട്ര ഇടപെടലിന്റെയും നയതന്ത്ര പ്രവർത്തനങ്ങളുടെയും ഭാഗമായാണ് വിദേശകാര്യ സെക്രട്ടറി സന്ദർശനം ആസൂത്രണം ചെയ്തിരിക്കുന്നത്.

**ന്യൂ ഡൽഹി**
**28 ഒക്ടോബർ , 2020**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.